പൂർത്തിയാക്കിയിരുന്നില്ല. സബ്സ്റ്റേഷൻ നിർമ്മാണ പൂർത്തീകരണത്തിൽ വീഴ്ച വരുത്തിയതിനാൽ കോൺട്രാക്ട് അവരുടെ നഷ്ടോത്തരവാദിത്വത്തിൽ 13-6-2005-ൽ റദ്ദാക്കുകയും ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണ ജോലികൾ ഡിപ്പാർട്ട്മെന്റൽ ആയി നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിക്കൊള്ളാമെന്ന കരാറുകാരന്റെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലും, ഡിപ്പാർട്ട്മെന്റൽ ആയി സബ്സ്റ്റേഷൻ നിർമ്മാണം നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന കാലതാമസം കണക്കിലെടുത്തും കരാർ റദ്ദാക്കിയ തീരുമാനം 8-12-2005-ൽ, പിൻവലിച്ചു. സ്ഥലം ലഭ്യമായാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മീറ്റർ വാടക ഒഴിവാക്കാൻ നടപടി

57 [1158] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ കണക്ഷനുമായി ബന്ധപ്പെട്ടുള്ള മീറ്ററിന് വൈദ്യുതി ബോർഡ് വാടക ഈടാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയാണ് വാടക ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മീറ്ററിന്റെ വില നൽകുവാൻ തയ്യാറുള്ള ഉപഭോക്താവിൽ നിന്നും ആ തുക കൈപ്പറ്റി പ്രസ്തുത ഉപഭോക്താവിനെ മീറ്റർ വാടകയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിംഗിൾ ഫേസ് മീറ്റർ ഉപയോഗിച്ചുള്ള സർവ്വീസ് കണക്ഷന് പ്രതിമാസം 10 രൂപയും ത്രീഫേസ് മീറ്റർ ഉപയോഗിച്ചുള്ള സർവ്വീസ് കണക്ഷന് പ്രതിമാസം 20 രൂപയും സി.റ്റി. മീറ്ററിന് പ്രതിമാസം 75 രൂപയും വാടക ഈടാക്കുന്നു.

(സി) ബോർഡ് ഉപഭോക്താവിൽ നിന്നും മീറ്ററിന്റെ വില ഈടാക്കുന്നില്ല. അതിനാൽ മീറ്ററിന്റെ വില നൽകുവാൻ തയ്യാറുള്ള ഉപഭോക്താവിൽ നിന്നും ആ തുക കൈപ്പറ്റി മീറ്റർ വാടകയിൽ നിന്നും ഒഴിവാക്കുവാൻ നിർവ്വാഹമില്ല. എന്നാൽ ചില നിബന്ധനകൾക്ക് വിധേയമായി പുതിയ എൽ. ടി. കണക്ഷനുകൾക്ക് ഉപഭോക്താവ് മീറ്റർ സ്വയം വാങ്ങി നൽകാനും അവ സംരക്ഷിക്കാനും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ കണക്ഷനെടുക്കുന്നവർ മീറ്റർ വാടക ബോർഡിന് നൽകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly